# വി. അൽഫോൻസ സഹനത്തിന്റെ നേർസാക്ഷ്യം




കന്യകാലയത്തിന്റെ പരിശുദ്ധിയിൽ വിരിഞ്ഞ സഹനത്തിന്റെ വാടാമലരാണ് വിശുദ്ധ അൽഫോൻസ. ഭൂമിയിൽ ലഭിച്ച സഹനങ്ങളെ ദൈവാശ്രയത്തിൽ അടിയുറച്ചു നിന്ന് സ്വർഗത്തിലേയ്ക്കുള്ള പാതയാക്കി അൽഫോൻസ മാറ്റി. ഈ ലോകത്തിലെ സഹനങ്ങൾ ദൈവസന്നിധിയിൽ നമ്മെ നീതിമത്കരിക്കുന്ന പുണ്യങ്ങളാണെന്ന സത്യം അൽഫോൻസാമ്മ നമ്മെ പഠിപ്പിച്ചു. ജീവിതത്തിലുണ്ടാവുന്ന സഹനങ്ങൾ ദൈവസ്തുതിയുടെ മനോഹരനിമിഷങ്ങളാണെന്നും അവ ദൈവത്തിലേയ്ക്കുള്ള പാലമാണെന്നും വിശുദ്ധ അൽഫോൻസായിൽ നിന്നും നാം മനസ്സിലാക്കുന്നു.

ചങ്ങനാശ്ശേരി രൂപതയിലെ കുടമാളൂർ ഇടവകയിൽ മുട്ടത്തുപാടത്ത് യൗസേപ്പ് മറിയം ദമ്പതികളുടെ നാലാമത്തെ കുട്ടിയായി 1910 ഓഗസ്റ്റ് 19-ാം തീയതി അന്നക്കുട്ടി ഭൂജാതയായി. മൂന്നു മാസം പ്രായമെത്തിയപ്പോൾ അന്നക്കുട്ടിയുടെ മാതാവ് മൃതിയടഞ്ഞതിനാൽ മാതൃസഹോദരിയായ മുട്ടുചിറ മുരിക്കൻ അന്നമ്മയുടെ സംരക്ഷണയിലാണ് ബാല്യകൗമാരങ്ങൾ പിന്നിട്ടത്. 13 വയസ്സായപ്പോൾ അന്നക്കുട്ടിക്ക് വിവാഹാലോചനകൾ വന്നുതുടങ്ങി. എന്നാൽ വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ ജീവിതം മുഴുവൻ ഈശോയ്ക്ക് സമർപ്പിക്കണം എന്നതായിരുന്നു അവളുടെ ആഗ്രഹം. 1928 ഓഗസ്റ്റ് 2-ാം തീയതി അന്നക്കുട്ടി ഭരണങ്ങാനം ക്ലാരമഠത്തിൽ സന്യാസിനിയായി പ്രവേശിക്കുകയും അൽഫോൻസ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. പല പ്രതിസന്ധിഘട്ടങ്ങൾ തന്റെ സമർപ്പണജീവിതത്തിലുണ്ടായെങ്കിലും അതിനെയെല്ലാം അതിജീവിച്ച് 1936 ഓഗസ്റ്റ് 12-ാം തീയതി നിത്യവ്രതവാഗ്ദാനം നടത്തി. 1946 ജൂലൈ മാസം 28 നു ‘‘ഈശോ മറിയം യൗസേപ്പ്’’ എന്ന നാമത്രയങ്ങൾ ഉരുവിട്ടുകൊണ്ട് അൽഫോൻസാമ്മ തന്റെ ജീവിതബലി പൂർത്തിയാക്കി.

കുരിശോളമെത്തിയ സഹനത്തിലൂടെയാണ് അൽഫോൻസ ദൈവസ ന്നിധിയിൽ നീതിമത്ക്കരിക്കപ്പെട്ടത്. തനിക്ക് വിവാഹാലോചനകൾ ആരംഭിച്ച നിമിഷം മുതൽ  അവൾ സഹനത്തിന്റെ തീച്ചൂളയിൽ തന്നെത്തന്നെ വിശുദ്ധീകരിച്ചു. പ്രശസ്ത മായ ഒരു കുടുംബത്തിലേക്ക് തന്നെ വിവാഹം ചെയ്യിപ്പിക്കാൻ തന്റെ വളർത്തമ്മ വാക്കു കൊടുത്തു എന്നറിഞ്ഞതുമുതൽ അവളുടെ ഹൃദയം സഹനത്തിന്റെ തീക്കനലിൽ വെന്തുരുകുകയായിരുന്നു. തന്റെ ഹൃദയവേദന ഈശോയോടുള്ള സ്നേഹത്തെപ്രതി ശരീരത്തിലേക്ക് അവൾ വ്യാപിപ്പിച്ചു. കൊയ്ത്തുകഴിഞ്ഞ് മുറ്റത്ത്  കൂട്ടിയിട്ട് തീ കൊടു ത്തിരുന്ന പതിരിൽ ഇറങ്ങി തന്റെ ശരീരം അവൾ പൊള്ളിച്ചു. സാഹസികമായ ഈ അഗ്നി പ്രവേശനത്തെപ്പറ്റി അൽഫോൻസ പറയുന്നത്. ‘‘എന്റെ ദേഹത്തിൽ എന്തെങ്കിലും വൈരൂപ്യം സംഭവിച്ചാൽ എന്നെ ആർക്കും വേണ്ടെന്ന് പറയുമല്ലോ’’ എന്നാണ്.

സന്യാസജീവിതത്തിന്റെ ആത്മീയസന്തോഷം അതിന്റെ പൂർണ്ണതയിൽ അനുഭവിച്ചവളായിരുന്നു അൽഫോൻസ. സന്യാസജീവിതം ഉപേക്ഷിച്ച് ഭവനത്തിലേക്ക് തിരിച്ചുപോകാനുള്ള പ്രേരണയുണ്ടായപ്പോഴും അൽഫോൻസ തന്റെ തീവ്രമായ ആഗ്ര ഹത്തിൽ ഉറച്ചുനിന്നു. ശാരീരിക അസ്വസ്ഥതകൾ തന്റെ പരിശീലനകാലത്ത് നിരവധി തവണ നേരിടേണ്ടി വന്നപ്പോൾ അൽഫോൻസയുടെ മനസ്സിന് യാതൊരു ചാഞ്ചല്യവും സംഭവിച്ചില്ല. സന്യാസജീവിതത്തിന്റെ കാലയളവിലും തനിക്ക് അനുഭവിക്കേണ്ടി വന്ന രോഗപീഡകളെ അവൾ സന്തോഷപൂർവ്വം സ്വീകരിച്ചു. ആ വേദനകളെപ്പറ്റി അവൾ പറ യുന്നത് ‘‘ഞാൻ കർത്താവിനൊരു ദഹനബലി അർപ്പിച്ചു. അതു വളരെ പതുക്കെ ദഹിച്ചു കൊണ്ടിരിക്കുന്നു’’ എന്നാണ്. രോഗങ്ങളുടെയും മന:പ്രയാസങ്ങളുടെയും നൊമ്പരങ്ങൾ ജീവിതത്തെ വല്ലാതെ അസഹ്യപ്പെടുത്തിയപ്പോൾ അൽഫോൻസ നിരാശയുടെയോ

വെറുപ്പിന്റെയോ പടുകുഴിയിലേക്ക് താണുപോയില്ല. തീജ്വാലയിൽ കിടക്കുന്ന കീടത്തിനു തുല്യമാണ് തന്റെ അവസ്ഥയെന്നു മനസ്സ് പറയുമ്പോഴും തന്റെ ദൈവം എല്ലാം കാണുന്നുണ്ടെന്നും തന്നെ ആശ്വസിപ്പിക്കുന്നുണ്ടെന്നുമുള്ള ചിന്തയാൽ മനസ്സ് ശാന്തമാക്കാനും ഈശോയിൽ സന്തോഷിക്കാനും അൽഫോൻസയ്ക്ക് കഴിഞ്ഞു. അതാണ് അൽഫോൻസായെ സ്വർഗ്ഗീയമഹത്വത്തിന് യോഗ്യമാക്കിയ പുണ്യം.

ഈശോയോടുള്ള സ്നേഹത്തിന്റെ മാറ്റുരയ്ക്കപ്പെടുന്നത് സഹനത്തിലാണ്. നമ്മുടെ ജീവിതത്തിലുണ്ടാവുന്ന സഹനങ്ങളെല്ലാം ദൈവസന്നിധിയിൽ നമ്മെ നീതിമത്കരിക്കുന്ന പുണ്യങ്ങളായി കരുതാം. വിശുദ്ധ അൽഫോൻസ സഹനങ്ങളെ ദൈവസ്തുതികളാക്കിയപ്പോലെ നമുക്കും ആ വിശുദ്ധയെ അനുകരിച്ച് സഹനങ്ങളെ രക്ഷാകരമാക്കി തീർക്കാം. ആ സഹനപാതയിലൂടെ സ്വർഗപ്രവേശനത്തിനുള്ള പാത കണ്ടെത്താൻ വിശുദ്ധ അൽഫോൻസായുടെ ജീവിതം നമുക്ക് മാതൃകയാവട്ടെ.

ഫാ.ജോസഫ് കുറ്റിയാങ്കൽ
പാലാ രൂപത
28-07-2021

സീറോമലബാർ ലിറ്റർജി കമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്
Read More:www.syromalabarliturgy.org